ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കണ്ണൂർ ഡിവിഷന്റെ പരിധിയിൽ 15 വർഷത്തിൽ അധികമായി റീടാറിംഗ് നടത്താത്ത റോഡുകളില്ല.

(ബി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 'വെള്ളോറ കക്കറ കടുക്കാരംമുക്ക് റോഡ് കി.മീ. 2/500 മുതൽ 8/000 വരെയുള്ള ഭാഗത്തിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്കുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

ദേശീയ പാത വികസന പ്രവർത്തനങ്ങൾ

251(1320) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാത വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സമിതി ഇതിനകം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ദേശീയ പാത വികസനത്തിന് സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ;

(സി) എൻ.എച്ച്. 17, എൻ.എച്ച്. 47 പാതകളുടെ വികസനത്തിന് എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര ശതമാനം ഇതിനകം ഏറ്റെടുക്കാനായി;

(ഡി) കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നല്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; ഇതിന് എത്ര തുക ചെലവ് വരും; ഇതിനായി പണം കണ്ടെത്തിയിട്ടുണ്ടോ;

(ഇ) നിലവിൽ എൻ.എച്ച്.എ.ഐ.-യുടെ ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഹൈവേ വികസനവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ.-യുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇത് സംസ്ഥാന സർക്കാർ പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സ്ഥലമേറ്റെടുക്കുന്നതിനുണ്ടായ കാലതാമസംമൂലം നിശ്ചലാവസ്ഥയിലായ ദേശീയപാതയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിലേക്കായി അലൈന്റ്മെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതായത് ആരാധനാലയങ്ങൾ, സാമൂഹിക, സാംസ്കാരിക, പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് അലൈന്റ്മെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഈ കമ്മിറ്റി രണ്ടുതവണ യോഗം ചേരുകയും ദേശീയപാതയുടെ അലൈന്റ്മെന്റിലുള്ള ഓരോ പ്രദേശങ്ങളിൽ നിന്നുള്ള മേൽപ്പറഞ്ഞ തരത്തിലുള്ള പരാതികൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ജില്ലാതലത്തിൽ പരിഹരിക്കുവാൻ സാധിക്കാത്ത പരാതികൾ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ദേശീയപാത 47 ന്റെ (പുതിയ എൻ.എച്ച്. 544) വാളയാർ മുതൽ വടക്കഞ്ചേരി (കി.മീ. 182.250 മുതൽ 240.00) വരെയുള്ള ഭാഗത്തിന് 65.22 ഹെക്ടർ സ്ഥലവും വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെ (കി.മീ. 240.00 മുതൽ 270.00) വരെയുള്ള ഭാഗത്തിന് 93.95 ഹെക്ടർ സ്ഥലവും തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള (കി.മീ. 270.00 മുതൽ 342.00 വരെ) ഭാഗത്തിന് 41.60 ഹെക്ടർ സ്ഥലവും എൻ.എച്ച്.എ.ഐ. ഏറ്റെടുത്ത് വികസനം നടപ്പിലാക്കി വരുന്നു. പഴയ അലൈന്റ്മെന്റ് പ്രകാരം തലപ്പാടി മുതൽ ഇടപ്പള്ളി വരെ (പുതിയ എൻ.എച്ച്. 66) 976.97 ഹെക്ടർ സ്ഥലവും ചേർത്തല മുതൽ കഴക്കൂട്ടം വരെ (പുതിയ എൻ.എച്ച്. 66) 256 ഹെക്ടർ സ്ഥലവും (ആകെ 1232.97 ഹെക്ടർ) വികസനത്തിന് ആവശ്യമാണ്. ഇതിൽ 8.77 ഹെക്ടർ സ്ഥലം (0.71%) മാത്രമാണ് ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസ മൂലം ദേശീയപാത 17-ന്റെയും 47-ന്റെയും വികസനത്തിൽ നിന്ന് ദേശീയപാത വികസന അതോറിറ്റി പിന്മാറുകയുണ്ടായി. എന്നാൽ ആവശ്യമായ ഭൂമി ഏറ്റെടുത്തു നൽകാമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ഉറപ്പിനെ തുടർന്ന് ദേശീയ പാത 47 ന്റെയും 17 ന്റെയും വികസനത്തിന് പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമാകൂ.

(ഡി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നത് എൻ.എച്ച്. ആക്ട് പ്രകാരമാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കമ്പോള വില നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുള്ളപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലിലും പിൻതുടരണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര തുക കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ടും കേന്ദ്ര സർക്കാരാണ് ലഭ്യമാക്കേണ്ടത്.

(ഇ) പ്രവർത്തിക്കുന്നുണ്ട്. ദേശീയപാത 4 വരിപ്പാതയായി ബി.ഒ.ടി. വ്യവസ്ഥയിൽ വികസിപ്പിക്കാൻ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലം അക്വയർ ചെയ്യണമെന്നാണ് എൻ.എച്ച്.എ.ഐ. നിഷ്കർഷിച്ചിരിക്കുന്നത്. ദേശിയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 94/2014/പൊ.മ.വ തീയതി 25-10-2014 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്.

കോർ റോഡ് നെറ്റ്വർക്ക് പദ്ധതി

252(1321) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർ റോഡ് നെറ്റ്വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കി കൊണ്ടുള്ള ഒരു റോഡ് ശൃംഖല നടപ്പിലാക്കുവാൻ പദ്ധതിയുണ്ട്. കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly